ഉത്തരം

സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ	പ്രാഥമികാരോഗ്യ കന്ദ്രങ്ങൾ
1. തിരുവില്വാമല	1. കുത്താമ്പുള്ളി
2. പഴയന്നൂർ	2. കൊണ്ടാഴി
	3. തോന്നൂർക്കര
	4. പാഞ്ഞാൾ
	5. വള്ളത്തോൾനഗർ
	6. വരവൂർ
	7. ദേശമംഗലം
	8. മുള്ളൂർക്കര
	9. എളനാട്

(ബി) വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1, ഗ്രേഡ്-2 എന്നീ തസ്തികകളിൽ നിലവിലുള്ള ഓരോ ഒഴിവുകൾ അടിയന്തരമായി നികത്തുന്നതാണ്. തൃശ്ശൂർ ജില്ലയിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിന്റെ 25 ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും എൻ.സി.എ. നോട്ടിഫിക്കേഷനു വേണ്ടി മാറ്റിവച്ചിട്ടുള്ളതുമാണ്.

(ഡി) സ്വീകരിച്ചിട്ടുണ്ട്.

(ഇ) സ്വീകരിക്കുന്നതാണ്.

പൊന്നാനി താലൂക്ക് ആശുപത്രിയിൽ ബ്ലഡ് ബാങ്കിൽ സ്റ്റാഫിന്റെ അപര്യാപ്തത

29 (2238) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇമ്പിച്ചിബാവ മെമ്മോറിയൽ പൊന്നാനി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ബ്ലഡ്ബാങ്ക് ടെക്നീഷ്യൻ ഇല്ലാത്തതുമൂലം ബ്ലഡ് സ്റ്റോറേജ് സെന്റർ അടക്കമുള്ള സംവിധാനം പ്രവർത്തിപ്പിക്കുന്നതിന് പ്രയാസമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിന് PSC ലിസ്റ്റ് നിലവിലുണ്ടോ ; എങ്കിൽ അടിയന്തരമായി നിയമനം നടത്താമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) PSC ലിസ്റ്റ് ഇല്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) നിലവിലുണ്ട്. അടിയന്തരമായി നിയമനം നടത്താനുള്ള നടപടി യെടുത്തുവരുന്നു. ടി ഒഴിവ് പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിച്ചിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷൻ നിർദ്ദേശിക്കുന്നതനുസരിച്ച് ഈ തസ്തികയിലേയ്ക്ക് നിയമനം നടത്തി ഒഴിവ് നികത്തുന്നതാണ്.

പൊന്നാനി താലൂക്ക് ആശുപത്രിയിൽ അനസ്തേഷ്യ ഡോക്ടറുടെ വേതനം

30 (2239) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇമ്പിച്ചിബാവ മെമ്മോറിയൽ പൊന്നാനി താലൂക്ക് ഗവ.ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ താൽക്കാലികമായി വിളിക്കുന്ന അനസ്തേഷ്യ ഡോക്ടർക്ക് എത്ര മാസത്തെ വേതനം കുടിശ്ശികയുണ്ട് എന്ന് അറിയിക്കാമോ ;

(ബി) എന്തുകൊണ്ടാണ് ഇത്ര കുടിശ്ശിക വരുത്തുന്നത് ;

(സി) പ്രസ്തുത ഡോക്ടറെ കിട്ടാതായാൽ തീരദേശത്തെ ഈ ആശുപത്രിയിൽ പ്രസവ ശസ്ത്രക്രിയ അടക്കം മുടങ്ങിപോകുന്നതിന് കാരണമാകുമെന്നകാര്യം ശ്രദ്ധിച്ചിട്ടുണ്ടോ ;

(ഡി) അടിയന്തരമായി വേതന കുടിശ്ശിക നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; എങ്കിൽ എന്ന് കൊടുക്കാൻ കഴിയുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) 2014 ജൂൺ മുതൽ 13 മാസത്തെ കുടിശ്ശികയുണ്ട്.

(ബി) അലോട്ട്മെന്റ് കുറവുമൂലമാണ് കുടിശ്ശിക വന്നിട്ടുള്ളത്.

(സി) ഇതുവരെ ശസ്ത്രക്രിയകൾ മുടങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കുടിശ്ശിക നൽകുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly